# ഇന്ത്യന് സാമൂഹ്യ ക്ഷേമനിധി മാര്ഗനിര്ദേശങ്ങളുടെ പരിഷ്കരണം

–

ജൂലൈ 20, 2017

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭ ഇന്ത്യൻ സാമൂഹ്യ ക്ഷേമനിധി (ഇന്ത്യന് കമ്മ്യൂണിറ്റി വെൽഫയര് ഫണ്ട് - ഐസിഡബ്ല്യൂഎഫ്) മാർഗനിർദേശങ്ങളുടെ പരിഷ്കരണം അംഗീകരിച്ചു.

വിദേശത്തുള്ള ഇന്ത്യന് പൌരന്മാരെ വിഷമഘട്ടങ്ങളിലും അടിയന്തിര ഘട്ടങ്ങളിലും അവർക്ക് അർഹതയുണ്ടെന്നു പരിശോധിച്ചു കണ്ടെത്തി സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2009 ൽ സ്ഥാപിതമായതാണ് ഐസിഡബ്ല്യൂഎഫ്.

വിശാലമായ അടിസ്ഥാനത്തില് ഉണ്ടാക്കിയിരിക്കുന്ന പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങളില് ഫണ്ടിലൂടെ വ്യാപിപ്പിക്കാൻ കഴിയുന്ന ക്ഷേമ പദ്ധതികളുടെ വികസന സാധ്യതകൾക്കൂന്നല് നൽകിയിരിക്കുന്നു.
ദുരിതമനുഭവിക്കുന്ന സാഹചര്യങ്ങളിൽ വിദേശ പൌരത്വമുള്ള ഇന്ത്യന് പൌരന്മാർക്കുള്ള സഹായങ്ങള് , സാമൂഹ്യ ക്ഷേമ പരിപാടികളിലും കോൺസുലാര് സേവനങ്ങളിലും കൂടുതല് മികവുണ്ടാക്കല് തുടങ്ങിയ മൂന്ന് പ്രധാന മേഖലകൾ മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തും. വിദേശത്തുള്ള ഇന്ത്യന് പൌരന്മാരുടെ സഹായങ്ങൾക്കുള്ള അപേക്ഷകളെ അഭിമുഖീകരിക്കുവാന് പാകത്തിന് പ്രവർത്തിക്കുവാന് വിദേശങ്ങളിലുള്ള ഇന്ത്യന് ദൌത്യങ്ങൾക്കും പദവികൾക്കും ഇത് വഴി കൂടുതല് സാധ്യതകള് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു

വിദേശത്ത് ദുരിതമനുഭവിക്കുന്ന ഇന്ത്യൻ പൌരന്മാരെ സഹായിക്കുന്നതിനു പുറമെ, ലിബിയ, ഇറാഖ്, യെമൻ, സൗത്ത് സുഡാൻ തുടങ്ങിയ സംഘര്ഷ മേഖലകളില് നിന്നും ഇന്ത്യൻ പൌരന്മാരെ അടിയന്തരമായി ഒഴിപ്പിക്കുന്നതിലും അതിനൊപ്പം വെല്ലുവിളി നിറഞ്ഞ ഘട്ടങ്ങളില് അതായതു സൌദി അറേബ്യയില് 2013 ൽ നടന്ന നിതാഖാത് നിയമ നടപടിയിലും 2017 ല് ഇപ്പോള് നടന്നുകൊണ്ടിരിക്കുന്ന ആംനെസ്റ്റി നടപടികളിലും രേഖകളില്ലാത്ത ഇന്ത്യൻ തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങള് തുടങ്ങിയവയില് ഐസിഡബ്ല്യൂഎഫ് വളരെ നിർണായകമായ പിന്തുണയാണ്.

ഇത്തരം രക്ഷാ പ്രവർത്തനങ്ങളിലെ വേഗതയും അളവും സഹായവും ഫണ്ട് വഴി നൽകുന്നത് ലോകമെമ്പാടും അംഗീകാരം നേടിക്കഴിഞ്ഞു .

വിദേശത്തേക്ക് പോകുന്ന കുടിയേറ്റ തൊഴിലാളികളില് നിർണായക അവസരങ്ങളില് ഇന്ത്യയില് നിന്നും പ്രതീക്ഷിക്കാവുന്ന പിന്തുണയെക്കുറിച്ചുമുള്ള ആത്മവിശ്വാസവും അവരില് സൃഷ്ടിക്കുവാന് ഇതിലൂടെ സാധിച്ചിട്ടുണ്ട്

വിദേശരാജ്യങ്ങളിലുള്ള എല്ലാ ഇന്ത്യന് ദൌത്യങ്ങളിലും പദവികളിലും ഐസിഡബ്ല്യുഎഫ് ഒരുക്കും . വിവിധ കോൺസുലാര് സേവനങ്ങളില് ഇന്ത്യന് ദൌത്യങ്ങളും വിദേശത്തുള്ള പദവികളും ചുമത്തുന്ന സേവന ചാർജുകളാകും ഇതിന്റെ പ്രാഥമിക ഫണ്ട്